പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .T4282 21.07.2015 ൽ മറുപടിക്ക്.

## ബാലപീഡന കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) 2011-12 ഏപ്രിൽ മുതൽ 2014 -15 മാർച്ച് വരെയുള്ള കാലത്ത് സംസ്ഥാനത്ത് എത്ര ബാല പീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര കേസ്സുകളിൽ വിചാരണ പൂർത്തീകരിച്ച് ശിക്ഷയും നടപ്പിലാക്കിയിട്ടുണ്ട് ; | (എ) സംസ്ഥാനത്ത് 2011 -12 ഏപ്രിൽ മുതൽ 2014 -15 മാർച്ച് വരെയുള്ള കാലത്ത് 6919 ബാലപീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 139 കേസുകളിൽ വിചാരണ പൂർത്തി-യാക്കി ശിക്ഷ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഈ കാലയളവിൽ സർക്കാർ വിദ്യാലയങ്ങളിൽ നടന്ന പീഡന കേസുകളിൽ എത്ര ജീവനക്കാർ ശിക്ഷാ നടപടിക്ക് വിധേയമായിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; | (ബി) ഈ കാലയളവിൽ സർക്കാർ വിദ്യാലയങ്ങളിൽ നടന്ന ബാല പീഢന കേസുകളിൽ തിരുവനന്തപുരം റൂറൽ -1, കോഴിക്കോട് സിറ്റി -1, കണ്ണൂർ -1 എന്നിങ്ങനെ ആകെ മൂന്ന് ജീവനക്കാർ ശിക്ഷാ നടപടിയ്ക്ക് വിധേയമായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (സി) വർദ്ധിച്ചുവരുന്ന ഇത്തരം ബാല പീഡന കേസുകളിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെന്ന് വിശദമാക്കാമോ? | (സി) സംസ്ഥാനത്ത് ബാലപീഡനങ്ങൾ തടയാനായി 'ബാലസുരക്ഷ' എന്ന പേരിൽ ഒരു പ്രോട്ടോകോൾ തയ്യാറാക്കി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനായി നിലവിൽ വന്ന POCSO ആകട് സംസ്ഥാ-നത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

| District | സർക്കാർ വിദ്യാലയങ്ങളിൽ നടന്ന ബാലപീഡന കേസുകളിൽ ഉൾപ്പെട്ട ജീവനക്കാരുടെ എണ്ണം | ഇതിൽ ശിക്ഷാ നടപടിക്ക് വിധേയമായ ജീവനക്കാരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം സിറ്റി | 2 | 0 |
| തിരുവനന്തപുരം റൂറൽ | 3 | 1 |
| കൊല്ലം സിറ്റി | 0 | 0 |
| കൊല്ലം റൂറൽ | 1 | 0 |
| പത്തനംതിട്ട | 0 | 0 |
| ആലപ്പുഴ | 0 | 0 |
| കോട്ടയം | 0 | 0 |
| ഇടുക്കി | 0 | 0 |
| എറണാകുളം സിറ്റി | 0 | 0 |
| എറണാകുളം റൂറൽ | 0 | 0 |
| തൃശ്ശൂർ സിറ്റി | 1 | 0 |
| തൃശ്ശൂർ റൂറൽ | 3 | 0 |
| പാലക്കാട് | 1 | 0 |
| മലപ്പുറം | 8 | 0 |
| കോഴിക്കോട് സിറ്റി | 5 | 1 |
| കോഴിക്കോട് റൂറൽ | 2 | 0 |
| വയനാട് | 1 | 0 |
| കണ്ണൂർ | 2 | 1 |
| കാസർഗോഡ് | 3 | 0 |
| റെയിൽവേയ്സ് | 0 | 0 |
| ആകെ | 32 | 3 |

സെക്ഷൻ ഓഫീസർ